LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ സാമ്പത്തിക വർഷം 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നു. 31-12-2015 വരെ 903 കോടി രൂപ ഈ ഇനത്തിൽ സമാഹരിക്കുവാൻ സാധിച്ചു.

(സി) ഉണ്ട്.

ഇതിന് പ്രത്യേകം വേതനം നൽകുന്നുണ്ട്.

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അവർക്ക് നൽകിയിരിക്കുന്ന നിക്ഷേപ ലക്ഷ്യം ജില്ലാതല ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ 31-3-2016 നകം നിക്ഷേപക ലക്ഷ്യം കൈവരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് നിക്ഷേപ ലക്ഷ്യം കൈവരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം ജില്ലാ കളക്ടർമാർ വിളിച്ചുചേർക്കാറുണ്ട്. ജില്ല തോറും നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എസ്.എ.എസ്./ എം.പി.കെ.ബി.വൈ ഏജന്റുമാരുടെ അവലോകന യോഗം ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ജില്ലാ ഓഫീസർമാരുടെ മാസംതോറുമുള്ള അവലോകന യോഗം ഡറയക്ടറും നടത്തിവരുന്നു. സ്കൂൾ സഞ്ചയികാ സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം

102 (1842) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27-11-2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്ക് വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരമാവധി ഇല്ലാതാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേസമയം നടക്കുമെന്നുള്ളതിനാൽ പരിശോധനാ സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി) സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നിവ സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ബംഗ്രമഞ്ചേശ്വരത്ത് സംയോജിത ചെക്ക്പോസ്റ്റിനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇവിടെ സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണത്തിനായി NATPAC-നെക്കൊണ്ട് പഠനം നടത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തരം NATPAC-നെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു.

വാളയാറിൽ സംയോജിത ഇൻ ചെക്ക്പോസ്റ്റിനായി കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ കൈവശമുള്ള വാളയാർ ഔട്ട് ചെക്ക്പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 7,27,60,000 രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി തെന്മലയിലെ വനഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ ചെക്ക്പോസ്റ്റ് നവീകരിച്ച് സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റിനായി വനംവകുപ്പിന്റെ ഭൂമി ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ഭൂമി കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന

103 (1843) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന കൃത്യമായി നടത്താറുണ്ടോ;

(ബി) പരിശോധനാ സമയത്ത് വ്യാപാരികൾ സഹകരിക്കാതിരിക്കുകയും പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യമായി പരിശോധന നടത്താത്തതിനാൽ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധന സമയത്ത് സാധാരണ വ്യാപാരികൾ സഹകരിക്കാറുണ്ട്. എന്നാൽ ചില സംഘടനകളുടെ നേതൃത്വത്തിൽ സമീപത്തുള്ള മറ്റ് കച്ചവടക്കാർ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പരിശോധന സമയത്ത് ചില വ്യാപാരികൾ കടകൾ അടച്ച് ഹർത്താൽ ആചരിക്കുകയും പരിശോധന തടസ്സപ്പെടുത്തുകയും പ്രതിഷേധ പ്രകടനം നടത്തുകയും, ചില സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്ന അവസ്ഥവരെ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly